MONDAY

13.05.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# Farm Information Bureau

## Agriculture Development and Farmer's Welfare Department
## GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/05/2024

1. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര കാർഷിക കോളേജ്, പുഷ്പകൃഷി വിഭാഗത്തിൽ ഓണവിപണി ലക്ഷ്യമാക്കി ചെണ്ടുമല്ലി, വാടാർമല്ലി എന്നിവയുടെ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ ഈ മാസം 20 നു (20.05.2024) മുമ്പായി 9074222741, 7902856458 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. സംസ്ഥാനത്തെ 13 ജില്ലകളിലെ വിവിധ സർക്കാർ ഫാമുകളിലായി 11 ലക്ഷത്തോളം വിവിധ ഇനം തെങ്ങിൻ തൈകൾ (നെടിയ ഇനം- 100 രൂപ, കുറിയ ഇനം -100 രൂപ, ഹൈബ്രിഡ് -250 രൂപ നിരക്കിൽ വിൽപനക്കായി (വേനൽക്കാല വിൽപന ഉൾപ്പെടെ) ഫാമുകളിൽ തയ്യാറായിട്ടുണ്ട്. ആവശ്യക്കാർക്ക് തെങ്ങിൻ തൈകൾ ഫാമിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങാവുന്നതാണ് .

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായി. ആവശ്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

4. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. കാർഷിക സർവ്വകലാശാലയുടെ കീഴിൽ എറണാകുളം ജില്ലയിലെ ഓടക്കാലിയിൽ പ്രവർത്തിക്കുന്ന സുഗന്ധതൈല ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ ഇഞ്ചിപ്പുല്ല് വിത്തുകൾ (seeds fluff) കിലോയ്ക്ക് 3700/- രൂപ എന്ന നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9744943832, 8075169701 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. വനം വകുപ്പിന്റെ 2024-ലെ വനമിത്ര പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണ്ണയിക്കുന്നത്. എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. 25,000 രൂപയും, ട്രോഫിയും, സർട്ടിഫിക്കറ്റും അടങ്ങിയതാണ് വനമിത്ര പുരസ്ക്കാരം. അപേക്ഷകർ അവർ ചെയ്ത പ്രവർത്തനങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഓഗസ്റ്റ് 31 നകം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ മണിമല റോഡ്, ഇടപ്പള്ളി.പി.ഒ. എറണാകുളം-682024 മേൽവിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484-2344761

**പരിശീലന പരിപാടി**

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മെയ് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**മൃഗസംരക്ഷണ നിർദ്ദേശം**

പശുക്കൾ ഉൾപ്പെടെ വളർത്തുമൃഗങ്ങളും കൊടുംചൂടിൻറെയും ഉഷ്ണതരംഗത്തിന്റെയും സൂര്യാതപത്തിൻറെയും ഭീഷണിയിലാണ്. സംസ്ഥാനത്ത് ഇതുവരെ അഞ്ഞൂറിലധികം പശുക്കൾ സൂര്യാതപമേറ്റ് ചത്തു എന്നാണ് ക്ഷീര വികസന വകുപ്പിൻറെ റിപ്പോർട്ട്. ഉയർന്ന ശരീരോഷ്മാവ്, ഉമിനീര് ധാരാളമായി പുറത്തേക്ക് ഒഴുകൽ, മൂക്കിൽനിന്ന് നീരൊലിപ്പ്, ഉയർന്ന നിരക്കിലും വേഗത്തിലുമുള്ള ശ്വാസോച്ഛ്വാസം, കിതപ്പ് വായ് തുറന്ന് പിടിച്ചുള്ള അണപ്പ് വിറയൽ എന്നിവയെല്ലാം ഉഷ്ണസമ്മർദത്തിൻറെ ലക്ഷണങ്ങളാണ്. പകൽ 11നും മൂന്നിനും ഇടയിലുള്ള സമയത്ത് പശുക്കളെ തുറസ്സായ സ്ഥലങ്ങളിൽ മേയാൻ വിടുന്നതും കെട്ടിയിടുന്നതും ഷീറ്റ് കൊണ്ട് മേഞ്ഞ ഉയരവും വായുസഞ്ചാരവും കുറഞ്ഞ തൊഴുത്തിൽ പാർപ്പിക്കുന്നതും ഒഴിവാക്കണം.അണപ്പിലൂടെ ഉമിനീർ കൂടുതലായി നഷ്ടപ്പെടുന്നത് കാരണം പശുക്കളുടെ ആമാശയത്തിൽ ഉണ്ടായേക്കാവുന്ന അസിഡിറ്റി ഒഴിവാക്കാൻ സോഡിയം ബൈ കാർബണേറ്റ് (അപ്പക്കാരം), ഒരു കിലോ കാലിത്തീറ്റക്ക് 10 ഗ്രാം നിരക്കിൽ തീറ്റയിൽ ചേർത്തു നൽകാം. വേനലിൽ രോഗാണുവാഹകരായ പട്ടുണ്ണിപരാദങ്ങൾ പെരുകും. പശുക്കളുടെ മേനി പരിശോധിച്ചാൽ രോമകൂപങ്ങൾക്കിടയിൽ പറ്റിപ്പിടിച്ചു നിന്ന് രക്തം കുടിക്കുന്ന പട്ടുണ്ണികളെ കാണാം. അസ്വഭാവിക ലക്ഷണങ്ങൾ കണ്ടാൽ വെറ്ററിനറി ഡോക്ടറുടെ സേവനം തേടുക.